മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 197

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, മണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനത്തിൽ നിന്ന് സഭാ കൗൺസിലിലേക്ക് നടന്ന വോട്ടിംഗും ഫലപ്രഖ്യാപനവും റദ്ദു ചെയ്തുകൊണ്ടും സാധുവായ സ്ഥാനാർത്ഥികളുടെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചതു മുതലുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ സഭയിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി വീണ്ടും നടത്തി ഫലം അറിയിക്കേണ്ടതാണെന്നും 2026 ആഗസ്റ്റ് 28-ാം തീയതിയിലെ 192-ാം നമ്പർ സർക്കുലർ കല്പന മുഖേന ഏവരെയും അറിയിച്ചിരുന്നു.

അതിൻ പ്രകാരം 2026 ഒക്ടോബർ 08-ാം തീയതി തെരഞ്ഞെടുപ്പു നടത്തിയതായും താഴെ പേരു രേഖപ്പെടുത്തിയിരിക്കുന്നവർ തെരഞ്ഞെടുക്കപ്പെട്ടതായും ഭദാസന എപ്പിസ്കോപ്പാ സഭാ ഓഫീസിൽ അറിയിച്ചു.

1. റവ. ജിജു ജോസഫ്, ജാലഹള്ളി എബനേസർ മാർത്തോമ്മാ ഇടവക
2. ശ്രീ. ചാക്കോ എസ്., ബാംഗ്ലൂർ വെസ്റ്റ് ട്രിനിറ്റി മാർത്തോമ്മാ ഇടവക
3. ശ്രീമതി. ജെസി റേച്ചൽ മാത്യു, ജാലഹള്ളി എബനേസർ മാർത്തോമ്മാ ഇടവക

ഈ തെരഞ്ഞെടുപ്പ് സഭാ ഭരണഘടനയ്ക്ക് വിധേയമായി അംഗീകരിച്ചിരിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 നവംബർ മാസം 03-ാം തീയതി തിരുവല്ല പുലാത്തീനിൽ നിന്നും

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ